**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 784** **06-10-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തേര, എളംബ്ലാശ്ശേരി കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. 09.09.2021-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ അവലോകന യോഗം ചേരുകയും 2012 മുതൽ 2019-20 വരെയുള്ള എല്ലാ പ്രവർത്തികളും 31.12.2021-ന് മുൻപായി പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ഓരോ കോളനിയിലും വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. 09.09.2021-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ അവലോകന യോഗം ചേരുകയും 2012 മുതൽ 2019-20 വരെയുള്ള എല്ലാ പ്രവർത്തികളും 31.12.2021-ന് മുൻപായി പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | എളബ്ലാശ്ശേരി കോളനിയിലെ നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | 2021 ഡിസംബർ 31നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |
| (ഡി) | തേര കോളനിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ഡി) | അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | തേര കോളനിയിൽ കിണർ നിർമ്മാണം ഒഴികെ മറ്റൊരു പ്രവൃത്തിയും നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോളനിയിലെ നവീകരണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018, 2019 വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതിയും, കോവിഡ് മഹാമാരി മൂലമുണ്ടായ ലോക്ഡൗണും, കൂടാതെ കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാകുന്നതിന് താമസം നേരിട്ടതുമാണ് നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന് കാരണമായിട്ടുള്ളത്. |
| (എഫ്) | നവീകരണ പ്രവൃത്തിയുടെ എസ്. പി. വി. ആയ ഹാബിറ്റാറ്റ് മുഖേന പ്രവർത്തനങ്ങൾ | (എഫ്) | ഹാബിറ്റാറ്റ് മുഖേന നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി |

| | | | |
|---|---|---|---|
| | അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | സ്വീകരിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുള്ള അനുമതി വനം വകുപ്പിൽ നിന്നും 13/08/2021 ന് ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കു ന്നതാണെന്ന് 24/09/2021 ന് എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ ഹാബിറ്റാറ്റ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## എളംബ്ലാശ്ശേരി, തേര പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

### എളംബ്ലാശ്ശേരി കോളനി

| ക്രമ നം. | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 2 പുതിയ കിണറുകൾ കുഴിച്ചിട്ടുണ്ട്. ഒരു പഴയ കിണർ റിപ്പയർ ചെയ്തിട്ടുണ്ട്. |
| 2 | വീട് അറ്റകുറ്റപണികളും, പുനരുദ്ധാരണവും | 14 വീടുകളുടെ പുനരുദ്ധാരണമാണ് ഏറ്റെടുത്തിട്ടുള്ളത്. ആയതിൽ 5 വീടുകൾക്ക് ജനൽപ്പാളികളും ഒരു വീടിന്റെ ചിമ്മിനി, ഒരു വീടിന്റെ തറയുടെ ഫിനിഷിംഗ് എന്നിവയും പൂർത്തിയാക്കാനുണ്ട്. |
| | വീട് പുനരുദ്ധാരണം-റൂഫ് വാട്ടർ പ്രൂഫിംഗ് | പൂർത്തിയാക്കിയിട്ടുണ്ട്. |
| 3 | റോഡ് നിർമ്മാണം | വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | അംഗൻവാടി പുനരുദ്ധാരണം, ചുറ്റുമതിൽ നിർമ്മാണം, സാമൂഹിക പഠനമുറി നിർമ്മാണം. | പൂർത്തീകരിച്ചിട്ടുണ്ട്. |
| | അംഗൻവാടി പുനരുദ്ധാരണം- പ്ലംബിംഗ് ജോലികൾ | പ്ലംബിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| | അംഗൻവാടി പുനരുദ്ധാരണം- വൈദ്യുതീകരണം | വയറിംഗ് പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. |
| 5 | ബാംബൂ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, കെട്ടിട നിർമ്മാണം. | പൂർത്തീകരിച്ചിട്ടുണ്ട്. |
| | ബാംബൂ നിർമ്മാണ യൂണിറ്റ്-പ്ലംബിഗ് ജോലികൾ | പൂർത്തീകരിച്ചിട്ടുണ്ട് |
| | ബാംബൂ നിർമ്മാണ യൂണിറ്റ്- വൈദ്യുതീകരണം | വയറിംഗ് പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. |
| 6 | കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | വയറിംഗ് പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. |

**തേര കോളനി**

| ക്രമ നം. | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കുടിവെള്ള പദ്ധതി (നിലവിലുള്ള കുളം സൈഡ് കെട്ടി സംരക്ഷിച്ച്, താഴ്ച്ചകൂട്ടി ചെളി കോരി വൃത്തിയാക്കുക / പുതിയതായി 5 കിണറുകൾ താഴ്ത്തി ഭിത്തി കെട്ടി കപ്പി,കയർ മുതലായവ സ്ഥാപിക്കൽ. | 3 കിണറുകൾ പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | റോഡ് പുനരുദ്ധാരണം. ഫോറസ്റ്റ് ഏരിയയിൽ വളവുകൾ ഉള്ള ഭാഗത്ത് കോൺക്രീറ്റ് ചെയ്യുന്നതിനും, കയറ്റവും, ഇറക്കവും ഉള്ള ഭാഗങ്ങളിൽ വീൽ ട്രാക്ക് മാത്രം കോൺക്രീറ്റ് ചെയ്യുന്നതിനും. | വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3 | കമ്മ്യൂണിറ്റി ഹാൾ (പുനരുദ്ധാരണവും, എക്സ്റ്റൻഷനും) | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | ബാംബൂ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് - കെട്ടിടനിർമ്മാണം (വർക്ക് ഷെഡ്). | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | കമ്മ്യൂണിറ്റി ഹാൾ ഫർണീച്ചർ ,50 കസേര, 3 മേശ,സോളാർ പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടി.വി സെറ്റ് | ആരംഭിച്ചിട്ടില്ല |
| 6 | കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് പുതിയ കക്കൂസ്, യൂറിനൽ എന്നിവ നിർമ്മിക്കുന്നത് | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 7 | ശുചിത്വ കക്കൂസ് നിർമ്മാണം (ഗുണഭോക്താക്കൾ നേരിട്ട് നടപ്പിലാക്കുന്നത്). | നിർമ്മാണം ആരംഭിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**